148
3/1/18

**കേരള സർക്കാർ**

**സംഗ്രഹം**

കുളത്തൂപ്പുഴ ഡിപ്പോയിയിൽ നടന്ന ഇ-ലേലം - ശ്രീ.നജ്മുദ്ദീൻ, ഷംല മൻസിൽ, പാങ്ങോട് ലേലം കൊണ്ട ലോട്ടുകൾ - തുക അടയ്ക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം./525/2017/വനം** തീയതി,തിരുവനന്തപുരം, 30/12/2017

പരാമർശം:- 1) ശ്രീ.നജ്മുദ്ദീൻ, ഷംല മൻസിൽ, പാങ്ങോട്, കല്ലറ ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 23.08.2017-ലെ പ്രൊ(4)-60171/16 നമ്പർ കത്ത്.

3) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്)ന്റെ 22.11.2017-ലെ പ്രൊ(4)-60171/16 നമ്പർ കത്ത്.

**ഉത്തരവ്**

കുളത്തൂപ്പുഴ ഡിപ്പോയിയിൽ നടന്ന ഇ-ലേലത്തിൽ ലേലം കൊണ്ട ലോട്ടുകൾക്ക് തുക അടയ്ക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ശ്രീ.നജ്മുദ്ദീൻ,ഷംല മൻസിൽ, പാങ്ങോട് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ശ്രീ.നജ്മുദ്ദീൻ കുളത്തൂപ്പുഴ ഡിപ്പോയിലെ 17.05.2017ലെ ലേലത്തിൽ 3 ലോട്ടുകളിലായി 7.008 ക്യൂമീറ്റർ തടികൾ ലേലം പിടിക്കുകയും ആയതിന്റെ ഭാഗിക വില (35%) യഥാസമയം ഒടുക്കിയിട്ടില്ല എന്നും തടികളുടെ ആകെ വിലയായ 4,75,702/- രൂപയിൽ നിന്നും ഇ.എം.ഡി ആയി ഒടുക്കിയിട്ടുള്ള 50,000/- രൂപ കിഴിച്ച് 1,17,000/- രൂപ പാർട്ട് വാല്യു ആയും ബാക്കി തടി വിലയായി 3,08,702/- രൂപയും, തടികളുടെ നിലവിലുള്ള നിയമാനുസൃത നികുതികളും ഒടുക്കാനുള്ളതായും, തുക ഒടുക്കുന്നതിനായി 06.06.2017 സമയപരിധി വച്ച് കുളത്തൂപ്പുഴ ഡിപ്പോ ഓഫീസർ ശ്രീ.നജ്മുദ്ദീന് ചെലാൻ നൽകിയിരുന്നതായും, പണം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് 2 ചെക്കുകൾ ശ്രീ.നജ്മുദ്ദീൻ ട്രഷറിയിൽ സമർപ്പിച്ചതായും സെൽഫ് ചെക്കുകൾ ആയിരുന്നതിനാൽ 12.06.2017ൽ ചെക്ക് മടക്കുകയും ചെയ്തതായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

2) ശ്രീ.നജ്മുദ്ദീൻ യഥാസമയം പണം ഒടുക്കണം എന്ന

ഉദ്ദേശ്യത്തോടുകൂടി ട്രഷറിയിൽ ചെക്ക് നൽകിയതിനാലും ടിയാന് ഇ-ട്രഷറി ഇടപാടിനെക്കുറിച്ച് അറിവില്ലാത്തതിനാലും ടിയാന്റെ ഭാഗത്തു നിന്നുള്ള മന:പൂർവ്വമല്ലാത്ത വീഴ്ചയായതിനാൽ ടിയാന് ഭാഗിക വില ഉൾപ്പെടെ മുഴുവൻ തുകയും നിയമാനുസൃത നികുതികളും ഒടുക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ശുപാർശ പരിഗണിച്ചുകൊണ്ടും, ശ്രീ.നജ്മുദ്ദീന്റെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്നതിനാലും ഭാഗിക വില ഉൾപ്പെടെ മുഴുവൻ തുകയും നിയമാനുസൃത നികുതികളും ഒടുക്കുന്നതിന് ശ്രീ.നജ്മുദ്ദീന് (ഷംല മൻസിൽ, പാങ്ങോട്, കല്ലറ) നിലവിലെ ലേല വ്യവസ്ഥകളിൽ ഇളവനുവദിച്ചുകൊണ്ട് ഉത്തരവ് തീയതി മുതൽ ഒരു മാസത്തേക്ക് സമയപരിധി ദീർഘിപ്പിച്ച് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) തിരുവനന്തപുരം.
ശ്രീ.നജ്മുദ്ദീൻ, ഷംല മൻസിൽ, പാങ്ങോട്, കല്ലറ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ